# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1829

14/08/2017-ലെ മറുപടി

## തിരുവനന്തപുരം-കാസർഗോഡ് ജലപാത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| എ. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന ജലപാത യഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | എ. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർകോഡ് ജില്ലയിലെ നീലേശ്വരം വരെയുള്ള 590 കി.മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ടി പാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഉം 2016 -ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ദേശീയ ജലപാത (NW - 3) യാണ്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാൻറ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ., കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള 188 കി.മീ. എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഇപ്പോൾ നടത്തി വരുന്നത്. വിവിധ ഭാഗങ്ങളിൽ ജലപാതയുടെ പുനരുദ്ധാരണ പ്രവൃത്തികളും വടകര മുതൽ മാഹി വരെ കനാലിന്റെ നിർമ്മാണവും നടന്നു വരുന്നു. |

17/06/2017 -ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.)നം.2/2017 സി.എസ്.ഐ.എൻ.ഡി. പ്രകാരം ഉൾനാടൻ ജലഗതാഗത പാതയുടെ സമയബന്ധിതമായ വികസനത്തിനായി ഒരു പ്രത്യേക പൊതുമേഖലാ കമ്പനിയായി എസ്.പി.വി. രൂപീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**